

# ലൂർദ് ജ്യോതി

പാരിഷ് ബുള്ളറ്റിൻ, ചെമ്പേരി



## ക്രിസ്മസ് പുതുവത്സര ആശംസകൾ

വാല്യം 9 | ലക്കം 3 | 2023 ഒക്ടോബർ , നവംബർ | ഡിസംബർ

lourdejyothi@gmail.com


ആദരാഞ്ജലികൾ...
റവ. ഫാ.ജോർജ് നരിപ്പാറ
ഒരിക്കലും മറക്കാനാവാത്ത ഓർമകളോടെ...
ചെമ്പേരി ഇടവകാ കുടുംബം



# ലൂർദ് ജ്യോതി




പാരിഷ് ബുള്ളറ്റിൻ
ലൂർദ് മാതാ ഫൊറോന ചർച്ച്
ചെമ്പേരി, ഫോൺ: 9400062733
2024 ഒക്ടോബർ -നവംബർ- ഡിസംബർ



**രക്ഷാധികാരി**
റവ.ഫാ.ജോർജ് കാഞ്ഞിരക്കാട്ട്
Mob: 9400897861
**സഹരക്ഷാധികാരി**
റവ.ഫാ. തോമസ് കുമ്പളന്താനത്ത്
**ചീഫ് എഡിറ്റർ**
ശ്രീ. ജ്യോതിരാജ് അയ്യങ്കാനാൽ
ഫോൺ: 9447086681
**അസോസിയേറ്റ് എഡിറ്റർ**
ശ്രീ.സിബി പുന്നക്കുഴിയിൽ
ഫോൺ: 9447548451
**സെക്രട്ടറി**
ശ്രീ. സജിത്ത് കൊച്ചുപറമ്പിൽ
**എഡിറ്റേഴ്സ്**
ശ്രീ.സജീവ് ചെറുവത്തൂർ
ശ്രീ. ജോസ് കാളിയാനിയിൽ
ശ്രീ. ഷൈബി കുഴിവേലിപ്പുറത്ത്
സി. ഗ്രാസിയ FCC
സി. തേജസ് DST
ശ്രീമതി. ജോളി സെബാസ്റ്റ്യൻ കാരക്കുന്നേൽ
ശ്രീ. അഖിൽ മുതുകുളത്തിൽ
**അഡ്വർടൈസ്മെന്റ് & സർക്കുലേഷൻ**
ശ്രീ.സുനിൽ കണ്ടത്തിൽ
ശ്രീ.ജുവൽ കൊട്ടാരത്തിൽ
ശ്രീ. ജോയി പുതുമനക്കുന്നത്ത്
**ആർട്ടിസ്റ്റ്**
ശ്രീ.എബി പൂവേലിൽ
**വിതരണം**
വാർഡ് പ്രതിനിധികൾ



***Layout & Printing***
XPRESS
*xpress4printing@gmail.com*


## ഉൾത്താളുകളിൽ


എഡിറ്റോറിയൽ - 2
ക്രിസ്തുമസ്സ് - 3
അറിയാൻ ഓർമിക്കാൻ - 5
സഭാവാർത്തകൾ - 6
ഫ്രാൻസീസ് മാർപാപ്പ പറയുന്നു - 7
ലോഗോസ് ബൈബിൾ ക്വിസ് - 9
പൗരോഹിത്യവിശുദ്ധിയുടെ
ഉദാത്ത മാതൃക - 10
കൈവിടല്ലേ നാഥാ... - 12
വഴിത്താര തീർത്തവർ - 13
ജ്യോതിക - 15
സ്വർഗത്തിലെ രക്തപുഷ്പങ്ങൾ - 20
അപേക്ഷ - 23
ദനഹാ തിരുനാൾ - 24
പരി.ലൂർദ്മാതാവ് എന്റെ അമ്മ - 27
പുതുപൂക്കൾ - 30
സ്വർഗ്ഗീയ ഭവനത്തിൽ - 31
പാരിഷ്കൗൺസിൽ 2023-26 - 33
വാർത്തകൾ - 39
നവദമ്പതികൾ - 43
നിറം കൊടുക്കാമോ - 45
അനുദിന സുവിശേഷം - 46




"ദാവിദിന്റെ പട്ടണത്തിൽ നിങ്ങൾക്കായി ഒരു രക്ഷകൻ, കർത്താവായ ക്രിസ്തു ഇന്ന് ജനിച്ചിരിക്കുന്നു." (ലൂക്ക:2:11) രക്ഷകനുവേണ്ടിയുള്ള കാലങ്ങളായുള്ള പ്രാർത്ഥനയ്ക്ക് ദൈവം നൽകിയ ഉത്തരം. ലോകം മുഴുവൻ കേൾക്കാൻ കാത്തിരുന്ന വാർത്തയായിരുന്നു അവിടുത്തെ ജനനം. യുദ്ധങ്ങളുടെയും ആക്രമണങ്ങളുടെയും നീതി നിഷേധങ്ങളുടെയും കാലഘട്ടത്തിൽ ശാന്തിയുടെയും സമാധാനത്തിന്റെയും രക്ഷയുടെ കാഹളം മുഴക്കുന്ന ക്രിസ്മസ്സ് നമുക്ക് പ്രത്യാശ നൽകുന്നു. പുൽക്കൂട്ടിലെ ഉണ്ണിയേശുവിന്റെ സാന്നിധ്യം നമുക്ക് രക്ഷ നൽകുന്നു.

"ഭയപ്പേടേണ്ട, ഇതാ സകല ജനത്തിനും വേണ്ടിയുള്ള സന്തോഷത്തിന്റെ സദ്വാർത്ത ഞാൻ നിങ്ങളെ അറിയിക്കുന്നു. (ലൂക്ക: 2:10) ജീവിത പ്രതിസന്ധികൾക്ക് മുന്നിൽ പകച്ചുനിൽക്കുന്ന വ്യക്തികൾക്കും സമൂഹങ്ങൾക്കും സ്വർഗ്ഗം നൽകിയ ഉത്തരമാണ് ഉണ്ണിയേശുവിന്റെ തിരുപ്പിറവി. ശത്രുക്കളോട് ക്ഷമിക്കാനും സുഹൃത്തുക്കളെ ഓർമ്മിക്കാനും അവരുടെ വേദനകളിലും ദു:ഖങ്ങളിലും പങ്ക് ചേരാനും അതുവഴി ദൈവത്തെ മഹത്വപ്പെടുത്താനുമുള്ള അവസരമായി ഈ ക്രിസ്മസ്സ് കാലം മാറട്ടെ. അതോടൊപ്പം നന്ദി നിറഞ്ഞ മനസ്സോടെ നമുക്ക് പുതുവർഷത്തെ വരവേല്ക്കാം.




**ഏവർക്കും ക്രിസ്തുമസ്സിന്റെയും പുതുവർഷത്തിന്റെയും മംഗളങ്ങൾ ഹൃദയപൂർവ്വം നേരുന്നു....**

ചീഫ് എഡിറ്റർ
ജ്യോതിരാജ് അയ്യങ്കാനാൽ






**ദൈവം** മനുഷ്യനായി മനുഷ്യനെ സ്വർഗ്ഗത്തോളം ഉയർത്തിയ പുണ്യദിനമാണ് ക്രിസ്തുമസ്സ്.പഴയ നിയമത്തിൽ രൂക്ഷ ഭാഷയിൽ സംസാരിച്ച പ്രവാചകൻ തോറ്റിടത്ത് സ്നേഹം മനുഷ്യനായി അവതരിച്ചതിന്റ ഓർമ്മദിനം. ദൈവം മനുഷ്യനായി സംസാരിച്ച സ്നേഹഭാഷയാണ് ക്രിസ്തു. ദൈവം ഇനിമേൽ മനുഷ്യകുലത്തിന് അമൂർത്തമായ ഒരു ആശയമല്ല അവിടുന്ന് മൂർത്ത രൂപത്തിൽ പിറന്നതിന്റെ ഓർമ്മയാണ് ക്രിസ്തുമസ്സ്.

മനുഷ്യജീവന് തീരെ വിലയില്ലാതായി മാറിയ ഈ കാലഘട്ടത്തിൽ ദൈവം മനുഷ്യനായി എന്ന സത്യത്തിന് ഏറെ പ്രസക്തിയുണ്ട്. ഗർഭാശയത്തിൽ ഉരുവാകുന്ന കുഞ്ഞിനെ നിഷ്ക്കരുണം ഇല്ലായ്മ ചെയ്യാൻ കോടതികൾ പോലും വളരെ ലാഘവത്തോടെ ഉത്തരവിടുന്നതും വന്യമൃഗങ്ങളുടെ ആക്രമണത്തിൽ കൊല്ലപ്പെടുന്ന മനുഷ്യജീവനെ മൃഗങ്ങളുടെ വിലപോലും കല്പിക്കപ്പെടാതെ പോകുന്നതും പൊതുവഴികൾ അടക്കിവാഴുന്ന തെരുവ് നായ്ക്കൾ മനുഷ്യരെ കടിച്ചുകീറുമ്പോൾ മനുഷ്യരെക്കാൾ സംരക്ഷണം തെരുവുനായ്ക്കൾക്ക് നൽകുന്നതും വർത്തമാന കാലത്ത് മനുഷ്യജീവന്റെ മൂല്യം നഷ്ടപ്പെട്ടുപോകുന്നതിന്റെ

നേർചിത്രങ്ങളാണ്. മനുഷ്യനിൽ ദൈവത്തെക്കാണാൻ കഴിയാത്തവർ ദൈവത്തെ ഒരിക്കലും കാണുന്നില്ല എന്നതാണ് സത്യം. മനുഷ്യന് ദൈവികതയോളം മൂല്യമുണ്ടെന്ന സന്ദേശമാണ് ക്രിസ്തുമസ്സിന്റെ പ്രധാന സാക്ഷ്യം. ലോകം കാത്തിരുന്ന ഏറ്റവും വലിയ സന്തോഷവാർത്ത മനുഷ്യനെ തേടിയെത്തിയത് കടുത്ത അവഗണനയുടെയും അരക്ഷിതാവസ്ഥയുടെയും അകമ്പടിയോടെ ആയിരുന്നു. ബത്‌ലേഹിമിന്റെ സത്രങ്ങളിൽ കടിഞ്ഞൂൽ പുത്രന് ഈറ്റില്ലം തേടുന്ന യുവദമ്പതികളായ മറിയവും യൗസേപ്പും തിരുപ്പിറവിയുടെ ദൈവകരങ്ങളിലെ നടത്തിപ്പുകാരാണെന്ന് വിശ്വസിക്കാൻ പ്രയാസമുണ്ടാകാം. നേട്ടങ്ങളെ ദൈവാനുഗ്രഹങ്ങളായും തിരിച്ചടികളെ ദൈവശിക്ഷയായും എളുപ്പവഴിയിൽ ക്രിയചെയ്ത് കണ്ടെത്തുന്ന അഭിനവ ആത്മീയതയെ ദൈവം തിരുത്തുന്ന കാഴ്ചയാണ് തിരുക്കുടുംബം നേരിടുന്ന അവഗണന.

നമ്മുടെ മുമ്പിൽ ശത്രുതയോടെയും അവഗണനാ മനോഭാവത്തോടെയും പുച്ഛഭാവത്തോടെയും പലരും പലപ്പോഴും വാതിലുകൾ കൊട്ടിയടക്കാറുണ്ട്. അടഞ്ഞ വാതിലുകൾ തുറന്ന വഴിയിലേക്കുള്ള ചൂണ്ടുപലകകളാണെന്നുള്ള സത്യം മറന്ന് അടഞ്ഞ എത്രയോ വാതിലുകൾക്ക് മുമ്പിൽ നാം നിരാശപ്പെട്ടും പഴിപറഞ്ഞും കഴിഞ്ഞുകൂടുന്നുണ്ട്. എന്നാൽ തിരുപ്പിറവി തരുന്ന ദീപ്തമായ തിരിച്ചറിവ് മറ്റൊന്നാണ്: നിനക്കായി ദൈവം ഒരുക്കിയ ഇടം കണ്ടെത്താനുള്ള ദിശാസൂചികകളാണ് അടഞ്ഞ വാതിലുകൾ. ക്രിസ്തുമസ്സ് പ്രകാശത്തിന്റെ തിരുനാളാണ്. ദീപാലങ്കാരങ്ങളും നക്ഷത്രവിളക്കുകളും ക്രിസ്തുമസ്സിന്റെ വഴിയോരക്കാഴ്ചകളാണ്. ഇരുളിലും മരണത്തിന്റെ നിഴലിലും കഴിഞ്ഞവർ ദർശിച്ച പ്രകാശമായാണ് തിരുവചനം തിരുപ്പിറവിയെ അനുസ്മരിപ്പിക്കുന്നത്. അന്ധകാരത്തിൽ കഴിഞ്ഞ ആട്ടിടയർക്ക് മുന്നിൽ സ്വർഗ്ഗീയ പ്രകാശമായാണ് വാനവസൈന്യം സ്തുതിഗീതം പാടിയത്. ജ്ഞാനികൾ നക്ഷത്രവെളിച്ചത്തിലാണ് പുൽക്കൂട് തേടിയിറങ്ങിയത്. ക്രിസ്തുമസ്സിന്റെ പുതുവെളിച്ചം നമ്മിലെ അന്ധകാരം അകറ്റുന്നെങ്കിൽ മാത്രമേ ഈ പ്രകാശരാത്രി നമ്മുടെ ജീവിതത്തിൽ പ്രകാശം ചൊരിയുകയുള്ളൂ.




സ്നേഹത്തോടെ,
**ഫാ. ജോർജ് കാഞ്ഞിരക്കാട്ട്**
വികാരിയച്ചൻ




| | | |
|---|---|---|
| 2023 ഡിസംബർ | 1 | - ഇരുപത്തഞ്ച് നോമ്പാരംഭം |
| | 2 | - വി.ഫ്രാൻസീസ് സേവ്യർ തിരുനാൾ |
| | 5 | - പരി.മാതാവിന്റെ അമലോത്ഭവത്തിരുനാൾ |
| | 25 | - നമ്മുടെ കർത്താവിന്റെ പിറവിത്തിരുനാൾ |
| | 28 | - കുഞ്ഞിപൈതങ്ങളുടെ തിരുനാൾ |
| 2024 ജനുവരി | 1 | - പുതുവർഷ ദിനം |
| | 3 | - വി. ചാവറകുര്യാക്കോസ് ഏലിയാസ് അച്ചന്റെ തിരുനാൾ |
| | 6 | - ദനഹാ തിരുനാൾ |
| | 20 | - വി.സെബസ്ത്യാനോസ് തിരുനാൾ |
| | 31 | - വി.ഡോൺബോസ്കോ തിരുനാൾ |
| 2024 ഫെബ്രുവരി | 11 | - പരി.ലൂർദ്മാതാവിന്റെ തിരുനാൾ |
| | 25 | - വാഴ്ത്തപ്പെട്ട സി. റാണിമരിയ തിരുനാൾ |

## സഭാ വാർത്തകൾ

- സീറോ മലബാർ സഭയുടെ ഉത്തർപ്രദേശിലെ ഗോരഖ്പൂർ രൂപതയുടെ പുതിയ മെത്രാനായി മാർ മാത്യു നെല്ലിക്കുന്നേൽ അഭിഷിക്തനായി. ഇടുക്കി രൂപതാദ്ധ്യക്ഷൻ മാർ ജോൺ നെല്ലിക്കുന്നേലിന്റ ജേഷ്ഠ സഹോദരനാണ് മാർ മാത്യു നെല്ലിക്കുന്നേൽ.
- കോട്ടപ്പുര രൂപതയുടെ ബിഷപ്പായി റവ.ഡോ. അംബ്രോസ് പുത്തൻവീട്ടിലിനെ ഫ്രാൻസീസ് മാർപാപ്പ നിയമിച്ചു.
- കേരളത്തിൽ സ്ത്രീ നവോത്ഥാനത്തിൽ ശ്രദ്ധേയമായ സംഭാവനകൾ നൽകി ദൈവദാസി മദർഏലീശ്വ ധന്യപദവിയിൽ. കോൺഗ്രിഗേഷൻ ഓഫ് തെരേസ്യൻ കാർമലൈറ്റ് സന്ന്യാസിനി സമൂഹത്തിന്റെ സ്ഥാപകയാണ് മദർ ഏലീശ്വ.
- ഫ്രാൻസീസ് മാർപാപ്പയുടെ പുതിയ പുസ്തകം "എന്റെ പുൽക്കൂട്" വത്തിക്കാനിൽ പ്രകാശനം ചെയ്തു.
- ഒക്ടോബർ 4 മുതൽ 29 വരെ വത്തിക്കാനിൽ മെത്രാൻമാരുടെ സിനഡുസമ്മേളനം നടന്നു.

  'സിനഡാത്മക സഭ, കൂട്ടായ്മ, പങ്കാളിത്തം, പ്രേഷിതത്വം' എന്നതായിരുന്നു സിനഡിന്റെ മുഖ്യചർച്ചാ വിഷയം.




- "നാം വചനം പ്രഘോഷിക്കുമ്പോൾ ഒന്നും സംഭവിക്കുന്നില്ല എന്ന് തോന്നുന്നിടത്ത് വരെ പരിശുദ്ധാത്മാവ് പ്രവർത്തിക്കും. നമ്മുടെ പരിശ്രമങ്ങളിലൂടെയും, നമ്മുടെ യത്നങ്ങൾക്കപ്പുറവും ദൈവരാജ്യം വളരുകയാണ്. അതിനാൽ സന്തോഷത്തോടെ വചനം വിതച്ച് മുന്നേറാം. നല്ലവിതക്കാരാനായ യേശു ഉദാരമായി വിതയ്ക്കുന്നതിൽ ഒരിക്കലും മടുക്കുന്നില്ല. നമ്മുടെ നിലവും നമ്മുടെ ചാഞ്ചല്യ ത്തിന്റേതായ കല്ലുകളും വചനത്തെ ഞെരുക്കാൻ കഴിയുന്ന നമ്മുടെ ദുശ്ശീലങ്ങളും മുള്ളുകളും അവിടുന്ന് അറിയുന്നു. എന്നിട്ടും അവിടുന്ന് പ്രത്യാശ പുലർത്തുന്നു. നമുക്ക് സമൃദ്ധമായി ഫലം പുറപ്പെടുവിക്കാൻ കഴിയുമെന്ന് അവിടുന്ന് പ്രതീക്ഷിക്കുന്നു. അപ്രകാരം ചെയ്യാൻ നാമും വിളിക്കപ്പെട്ടിരിക്കുന്നു."

  **(വത്തിക്കാനിൽ നൽകിയ സന്ദേശം)**

- ''മാനവരാശിയുടെ പൊതു ഭവനമായ ഭൂമിയെ സംരക്ഷിക്കുന്നതിനുള്ള പ്രതിബദ്ധത ക്രിസ്തീയ വിശ്വാസത്തിൽ നിന്നുയരുന്നുണ്ട്. ആഗോളതാപനത്തിനെതിരെ ലോകരാജ്യങ്ങൾ ശക്തമായ നിലപാടുകൾ സ്വീകരിക്കണം. അല്ലാത്തപക്ഷം തിരിച്ചുപോക്കില്ലാത്ത ദുരന്തങ്ങളെ അഭിമുഖീകരിക്കേണ്ടിവരും."

  **(ലൗദാത്തെദേയും (ദൈവത്തെ സ്തുതിക്കുവിൻ) എന്ന അപ്പസ്തോലിക പ്രബോധനത്തിൽ നിന്ന്)**

- "ഭീകരവാദവും യുദ്ധവും പ്രശ്നങ്ങൾ പരിഹരിക്കുകയില്ല. നിഷ്കളങ്കരായ ജനങ്ങളുടെ ജീവനെടുക്കുക മാത്രമാണ് ചെയ്യുക. യുദ്ധം പരാജയമാണ്. വെറും തോൽവി മാത്രമാണത്. ലോകമെങ്ങും സമാധാനം പുന:സ്ഥാപിക്കപ്പെടാൻ എല്ലാവരുടെയും പ്രാർത്ഥന ഉയരണം. "

**(സെന്റ് പീറ്റേഴ്സ് ചത്വരത്തിൽ നൽകിയ സന്ദേശം)**

- 'യേശുവിനെ നോക്കുക, അവിടുന്ന് നമുക്കൊപ്പം നടക്കുന്നുണ്ട് അവിടുത്തോട് ചേർന്ന് നമുക്കും നടക്കാം. മാംസമായ വചനം നമ്മുടെയൊപ്പം യാത്ര ചെയ്യുന്നതാണ് കുരിശിന്റെ വഴി. നമ്മുടെ ഏകാന്തതകളിലും വേദനകളിലും നമുക്കൊപ്പം കണ്ണീർ പൊഴിക്കുന്നവനാണ് ക്രിസ്തു. മറ്റാരും കാണാതെ നമ്മുടെ കണ്ണീർ തുടയ്ക്കാനും ഏകാന്തതകളിൽ ആശ്വസിപ്പിക്കാനും ഭയത്തിൽ നിന്ന് വിടുവിക്കാനും അവിടുന്ന് നമ്മോടൊപ്പം ഉണ്ടായിരിക്കും."

**(ലിസ്ബണിൽ ലോക യുവജന സംഗമത്തിൽ നൽകിയ സന്ദേശം)**

- "നമ്മുടെ സഹോദരങ്ങളെ സേവിക്കാൻ തുടങ്ങുമ്പോഴാണ് നാം ഉയരുന്നത്. അതേസമയം മറ്റുള്ളവരെ സ്നേഹിക്കുന്നത് എളുപ്പമല്ല. എലിസബത്തിനൊപ്പമുള്ള മറിയത്തെപ്പോലെ നമ്മുടെ സഹോദരങ്ങളെ സേവിക്കണം "


**(മാതാവിന്റെ സ്വർഗാരോപണ തിരുനാളിൽ നൽകിയ സന്ദേശം)**

- "യതാർത്ഥ മൂല്യങ്ങൾ പ്രകടിപ്പിക്കാനുള്ള ഭയമാണ് മനുഷ്യരാശി നേരിടുന്ന ഏറ്റവും പ്രധാന പ്രതിസന്ധി. അതിനാൽ ഒരു രാജ്യവും അതിന്റെ യഥാർത്ഥവും നന്മനിറഞ്ഞതുമായ മൂല്യങ്ങൾ പുറത്ത്കൊണ്ടുവരുന്നതിൽ ആശങ്കപ്പെടേണ്ടതില്ല. മനുഷ്യഭാഗ ങ്ങളിൽ ശിരസ്സ്, ഹൃദയം, കൈകൾ എന്നീ മൂന്ന് അവയവങ്ങൾ പരസ്പരം ബന്ധപ്പെട്ടിരിക്കുന്നതുപോലെ മനുഷ്യസൗഹാർദ്ദത്തിന്റെ സന്തുലിതാവസ്ഥ നാം കാത്തുസൂക്ഷിക്കണം''

**(വത്തിക്കാനിൽ നൽകിയ സന്ദേശം)**

## ലോഗോസ്

# ബൈബിൾ ക്വിസ്



## ന്യായാധിപൻ 1:10

1. ആരാദിന് സമീപമുള്ള മരുഭൂമി ഏത്?
2. കാലെബിന്റെ ഇളയ സഹോദരൻ ആര്?
3. ഇസ്രായേൽജനം കർത്താവിനെ ഉപേക്ഷിച്ച് ആരെയാണ് സേവിച്ചത്?
4. ഏഹൂദിന്റെ പിൻഗാമി ആര്?
5. യാബിൻ രാജാവിന്റെ സേനാപതി ആര്?
6. ഗിദെയോൻ കർത്താവിന് പണിത ബലിപീഠത്തിന്റെ പേരെന്ത്?
7. ഗിദെയോന്റെ ഭൃത്യൻ ആര്?
8. ഗിദെയോനെ സംസ്കരിച്ച സ്ഥലം ഏത്?
9. അബിമെലെക്കിന് ശേഷം ഇസ്രായേലിനെ രക്ഷിക്കാൻ നിയുക്തനായത് ആര്?
10. ജായിർ അടക്കപ്പെട്ട സ്ഥലം ഏത്?

**ശ്രീമതി ലിസ്സി ജോയി പാറത്താനത്ത്**
**ക്വിസ്മാസ്റ്റർ**


**ലൂർദ് ജ്യോതി പരസ്യ നിരക്ക്**

| | | |
|---|---|---|
| **Back Cover Page (Multi Colour)** | | **Rs. 5000/-** |
| **Front Inner page** | ” | **Rs. 4000/-** |
| **Back Inner Page** | ” | **Rs. 3500/-** |
| **Inner Full Page** | ” | **Rs. 2500/-** |
| **Inner Half Page** | ” | **Rs. 1500/-** |
| **Inner Full Page (Black & White)** | | **Rs. 1000/-** |
| **Inner Half Page** | ” | **Rs. 500/-** |

***Contact:*** **സുനിൽ കണ്ടത്തിൽ – 9745606301**




തലശ്ശേരി അതിരൂപതയുടെ, പ്രത്യേകിച്ച് ചെമ്പേരി ഇടവകയുടെ വളർച്ചയിൽ വിസ്മരിക്കാനാവാത്ത പങ്കുവഹിച്ച ജനകീയ പുരോഹിതനാണ് കാലയവനികയ്ക്കുള്ളിൽ മറഞ്ഞ ബഹുമാനപ്പെട്ട ജോർജ് നരിപ്പാറയച്ചൻ, 1939 ഏപ്രിൽ 10ന് പാലാ രൂപതയിൽ വിളക്കുമാടത്താണ് ജനിച്ചത്. 1964 ഡിസംബർ ഒന്നിന് ബോംബെയിൽ വച്ച് നടന്ന ദിവ്യകാരുണ്യ കോൺഗ്രസിന്റെ അവസരത്തിൽ അഭിവന്ദ്യ. മാർ.സെബാസ്റ്റ്യൻ വള്ളോപ്പിള്ളി പിതാവിൽ നിന്നും തിരുപ്പട്ടം സ്വീകരിച്ചു. ചെറുപുഴ, തിരുമേനി മേരിഗിരി, കൂരാച്ചുണ്ട്, നെല്ലിക്കാംപോയിൽ, വായാട്ടുപറമ്പ്, കുടിയാന്മല, തോമാപുരം, ചെമ്പേരി, കണിച്ചാർ, മണിക്കടവ് എന്നീ ഇടവകകളിൽ തന്റെ അജപാലന ശുശ്രൂഷ നിർവഹിച്ചു.

ചെമ്പേരി ഇടവകയ്ക്ക് ലഭിച്ച വിലയേറിയ സമ്മാനമായിരുന്നു പ്രിയങ്കരനായ നരിപ്പാറ അച്ചൻ. 2000 മെയ് മാസത്തിൽ ചെമ്പേരി ഇടവകയുടെ ഇടയനായി ബഹുമാനപ്പെട്ട നരിപ്പാറ അച്ചൻ ഉത്തരവാദിത്വം ഏറ്റെടുത്തു. അന്നുമുതൽ ചെമ്പേരി ഇടവകയുടെ ആത്മീയവും ഭൗതികവുമായ പുരോഗതിക്ക് വേണ്ടി അക്ഷീണം പ്രയത്നിച്ചു കൊണ്ടിരുന്നു. ഒരിക്കൽ പരിചയപ്പെട്ടാൽ ആ വ്യക്തിയുടെ പേര് അച്ചൻ പിന്നീട് മറക്കില്ല. ചെമ്പേരിയിലെ ഓരോ വ്യക്തിയെയും പേര് ചൊല്ലി വിളിക്കാൻ അച്ചന് കഴിഞ്ഞിരുന്നു. സ്വന്തമായി ഒന്നും സമ്പാദിക്കാതെ സഹായത്തിനായി തന്നെ സമീപിക്കുന്ന ഏതൊരാൾക്കും അർഹമായത് കൊടുത്തിരുന്ന വലിയൊരു മനുഷ്യസ്നേഹി ആയിരുന്നു നരിപ്പാറയച്ചൻ. സരസമായ വാക്കുകളിലൂടെയുള്ള അച്ചന്റെ വചനപ്രഘോഷണങ്ങൾ ആത്മീയ ഉണർവ് പകരുന്നവയായിരുന്നു. പറയുന്ന കാര്യങ്ങൾ സ്വന്തം ജീവിതത്തിൽ പ്രാവർത്തികമാക്കാനും അച്ചന് സാധിച്ചിരുന്നു.

ആത്മീയ രംഗത്ത് എന്നതുപോലെ ഭൗതികരംഗത്തും ചെമ്പേരിയിൽ തനതായ വ്യക്തിമുദ്ര പതിപ്പിക്കാൻ അച്ചന് സാധിച്ചു എന്നത് നമ്മൾ അനുഭവിച്ചറിഞ്ഞവരാണ്. മലബാറിൽ ഏറ്റവും വലിയ ദൈവാലയം ചെമ്പേരിയിൽ യാതൊരു കുടിശ്ശിക പിരിവും ഇല്ലാതെ 2006 ൽ അദ്ദേഹം യാഥാർത്ഥ്യമാക്കി. കൂടാതെ ചെമ്പേരി ടൗണിൽ തലയുയർത്തി നിൽക്കുന്ന കുരിശുപള്ളി, മദർ തെരേസ ഓഡിറ്റോറിയം, വളയംകുണ്ട് കുരിശുപള്ളി, യുപി സ്കൂൾ, പള്ളിമുറി എന്നിവയെല്ലാം തന്റെ ഏഴുവർഷം നീണ്ട അജപാലന ശുശ്രൂഷക്കിടയിൽ അച്ചൻ പൂർത്തിയാക്കി. വിമൽ ജ്യോതി എൻജിനീയറിങ് കോളേജ് യാഥാർത്ഥ്യമാക്കാൻ മോൺ. മാത്യു എം ചാലിലിനൊപ്പം ഏറ്റവും കൂടുതൽ പ്രയത്നിച്ച വ്യക്തിയുമായിരുന്നു ബഹുമാനപ്പെട്ട നരിപ്പാറയച്ചൻ.

ഈശോയെ തന്റെ ജീവിതം കൊണ്ട് ദൈവജനത്തിന് കാണിച്ചു കൊടുക്കാൻ അച്ചനു കഴിഞ്ഞു . ചെമ്പേരിക്കാരെ ആത്മീയ ഉന്നതിയിൽ എത്തിച്ച ആത്മീയ ഗുരുവായിരുന്നു നരിപ്പാറയച്ചൻ. നർമ്മത്തിൽ ചാലിച്ച് വളരെ ലളിതമായി ദൈവവചന വ്യാഖ്യാനങ്ങൾ ജോർജച്ചൻ നൽകി.

ധനികരെയും ദരിദ്രരെയും ഒരുപോലെ ചേർത്ത് പിടിച്ച വിശുദ്ധ പുരോഹിതൻ. പരിശുദ്ധ അമ്മയ്ക്ക് സമർപ്പിതമായ നമ്മുടെ ഇടവകയിൽ ദൈവം വർഷിച്ച അനുഗ്രഹത്തിന്റെ സമൃദ്ധിയിൽ നിന്നും പങ്കുവെപ്പിന്റെ മഹത്വം ജനത്തെ പഠിപ്പിച്ച നല്ല ഇടയൻ. ചെമ്പേരി ഇടവകയിലെ മുഴുവൻ കുടുംബങ്ങളേയും ഒരേ ചരടിൽ കോർത്തിണക്കിക്കൊണ്ട് സാഹോദര്യത്തിന്റെ സുന്ദരഭാവം ഇടവകയിൽ കരുപ്പിടിപ്പിച്ച വന്ദ്യപുരോഹിതൻ. ചെമ്പേരിയുടെ ആത്മീയ തേജസ് ആയിരുന്ന അങ്ങയുടെ ഓർമ്മകൾ ചിരകാലം നിലനിൽക്കും. അങ്ങയുടെ സുകൃതം നിറഞ്ഞ ജീവിതം മഹത്വത്തിന്റെ കിരീടം അങ്ങേയ്ക്ക് സമ്മാനിക്കും. നിത്യ പുരോഹിതൻ പറുദീസായുടെ വാതിൽക്കൽ അങ്ങയുടെ കരം പിടിക്കാൻ ഉണ്ടാകട്ടെ......

ആർച്ച് ബിഷപ്പ് Fullton J Sheen തന്റെ പുസ്തകത്തിൽ പറയുന്നു: "The Priest Is Not His Own." മനുഷ്യരെയും വഹിച്ചുകൊണ്ട് സ്വർഗ്ഗത്തിലേക്ക് ഓടുന്ന തേര് തെളിക്കുന്ന ധീരയോദ്ധാവാണ് വൈദികൻ. നടുന്നിടത്ത് പുഷ്പിക്കുവാനും ഒരു തിരി പോലെ ഉരുകിയുരുകി ചുറ്റും പ്രകാശം പരത്തി എരിഞ്ഞടങ്ങാനും ഒരായുസ്സ് മുഴുവൻ മാറ്റി വയ്ക്കുന്ന പുണ്യപ്പെട്ട ജീവിതം... അങ്ങനെയായിരുന്നു നമ്മുടെ നരിപ്പാറ അച്ചനും. നരിപ്പാറ അച്ചനെ കുറിച്ച് എത്രമാത്രം എഴുതിയാലും അതൊന്നും പൂർണ്ണമാവില്ല, കാരണം ചെമ്പേരിയിലെ കുടിയേറ്റ ജനതയുടെ ഹൃദയത്തിൽ അച്ചൻ ഇന്നും ജീവിക്കുന്നു ഒരു വിശുദ്ധ സാന്നിധ്യമായി.



**ദീപ്തമായ സ്മരണകൾക്കുമുമ്പിൽ**
**ബാഷ്പാഞ്ജലികൾ...**

**സുനിൽ ജോസഫ്**
**നായിപുരയിടത്തിൽ**



# കൈവിടല്ലേ നാഥാ....

കാലുഷ്യമേറുമീ കാലഘട്ടത്തിന്റെ
മാലുകളെല്ലാമകറ്റണമേയെന്നു-
മീലോക നാഥന്റെ കല്പന പാലിയ്ക്കാൻ
മാലോകരെയങ്ങു കാത്തീടണേ.

പോയ നാളിൽ ചെയ്ത പാപത്താലെന്നിലെ
കൈവിട്ടുപോയതാം ദൈവചൈതന്യവും
ആത്മശോഷണവും വീണ്ടെടുത്തെന്നെ നീ
ആത്മജ്ഞാനത്തിൽ വളരാൻ കനിയണേ.

“ഞാനെൻ ശിഷ്യഗണത്തെ സ്നേഹിച്ച പോൽ
നിങ്ങളുമന്യോന്യം സ്നേഹിക്കേണം”
എന്നരുൾ ചെയ്ത യേശുനാഥാ, നീ
സഹജരെ സ്നേഹിക്കാൻ പഠിപ്പിക്കണേ.

ലോകരക്ഷാർത്ഥമപരന്റെ പാപങ്ങൾ-
ക്കാകെ പ്രായശ്ചിത്തമായ് മൃത്യ വരിച്ചതാം
ലോകൈകദൈവമാം ക്രിസ്തുനാഥാ നിന്നി-
ലേകീഭവിയ്ക്കുവാൻ കൃപയേകണേ.

അഷ്ടിക്കു പോലുമുഴലുന്ന നേരത്തും
കഷ്ടങ്ങളെപ്പോഴും ദൈവേഷ്ടമായ് മാറ്റി
അഷ്ട സൗഭാഗ്യങ്ങൾക്കനുരൂപമായൊരു
ശിഷ്ടമാം ജീവിതം നൽകിടേണേ

നിൻവരദാനങ്ങൾ കൊണ്ടൊന്നുമാത്രാ-
ണെൻ ജീവിതമിത്ര ധന്യമായതുമെന്നും
നിന്റെയനുഗ്രഹം കൂടാതെയൊന്നുമേ
സ്ഥായിയായില്ലീ ലോകജീവിതത്തിൽ.

എന്നിലുണരുമസൂയയും തീരാ ധനവാഞ്ഛയും
വെറുപ്പും പൊങ്ങച്ചവും മോഹപാപങ്ങളും
ഇന്നീ നിമിഷം തന്നെയടർത്തി മാറ്റി
നിന്നെ പിൻചെല്ലാൻ ശക്തിയേകീടണേ.



ജോസ്
പെരുമ്പനാനിക്കൽ




## റവ.ഫാ. സെബാസ്റ്റ്യൻ ജോസഫ് കാഞ്ഞിരക്കാട്ട് (1981 - 1986)

ബഹുമാനപ്പെട്ട ജേക്കബ് പുത്തൻപുര അച്ചന് ശേഷം ചെമ്പേരിയുടെ ആത്മീയ പിതാവായി ബഹുമാനപ്പെട്ട സെബാസ്റ്റ്യൻ ജോസഫ് കാഞ്ഞിരക്കാട്ട് അച്ചനാണ് നിയമിതനായത്. ചെമ്പേരി ഇടവക ചരിത്രത്തിൽ അവിസ്മരണീയമായ ഒട്ടേറെ പ്രവർത്തനങ്ങൾ നടത്തിയ ആത്മീയ പിതാവാണ് കാഞ്ഞിരക്കാട്ടച്ചൻ. ഇടവകാ ജനത്തെ കൂട്ടായ്മയിൽ ഉറപ്പിച്ച് നിർത്തുന്നതിനും അവരെ നിർമ്മാണ പ്രവർത്തനങ്ങളിൽ സജീവ പങ്കാളികളാക്കുന്നതിലും അദ്ദേഹം തല്പരനായിരുന്നു. സിമിത്തേരിയുടെ മധ്യസ്ഥൻ എന്നാണ് അദ്ദേഹം അറിയപ്പെട്ടിരുന്നത്. പള്ളി പോലെ അതിവിശുദ്ധ സ്ഥലമാണ് നമ്മുടെ പൂർവികർ അന്ത്യവിശ്രമം കൊള്ളുന്ന സിമിത്തേരി എന്ന് അദ്ദേഹം ജനങ്ങളെ ബോധ്യപ്പെടുത്തുകയും നമ്മുടെ സിമിത്തേരി അതിമനോഹരമാക്കുകയും ചുറ്റുമതിലും കുരിശടിയും നിർമ്മിക്കുകയും ചെയ്തു. ഈ കാലയളവിലാണ് അൽഫോൻസ പാരിഷ്ഹാൾ അതിമനോഹരമായി പണികഴിപ്പിച്ചത്. ചെമ്പേരി ടൗൺ സർക്കിളിൽ ഇടംപിടിച്ചിരുന്ന കുരിശിന് ചുറ്റിലുമു ണ്ടായിരുന്ന സ്ഥലം കുരിശിന്റെ സംരക്ഷണാർത്ഥം ഭംഗിയായി ചുറ്റുമതിൽ കെട്ടി സംരക്ഷിച്ചു. വലിയപറമ്പിൽ ക്രിസ്തുരാജന്റെ നാമത്തിലുള്ള കുരിശുപള്ളി ഫാ.സെബാസ്റ്റ്യൻ കാഞ്ഞിരക്കാട്ടിന്റെ നേതൃത്വത്തിൽ ജനപങ്കാളിത്തത്തോടെ നിർമ്മിച്ചതാണ്.

ചെമ്പേരി ടൗണിൽ യാത്രക്കാർക്ക് കയറിയിരിക്കാൻ ഒരു വെയ്റ്റിംഗ് ഷെഡ്ഡില്ലാതിരുന്നതിന്റെ ബുദ്ധിമുട്ടുകൾ മനസ്സിലാക്കി ടൗണിന്റെ ഹൃദയഭാഗത്ത് പള്ളിവക സ്ഥലം വിട്ടുകൊടുത്ത് ഏരുവേശ്ശി ഗ്രാമപഞ്ചായത്തിന്റെ സഹായത്തോടെ ഒരു വെയ്റ്റിംഗ് ഷെഡ്ഡ് പണികഴിപ്പിച്ചു. നിർമ്മാണ പ്രവർത്തനങ്ങളിലും ആത്മീയ കാര്യങ്ങളിലും വിട്ടുവീഴ്ചയില്ലാതെ നേതൃത്വം കൊടുത്ത വൈദികനാണ് ഫാ. സെബാസ്റ്റ്യൻ കാഞ്ഞിരക്കാട്ട്. 1984-മെയ് മാസം അഞ്ചിന് ചെമ്പേരിയോട് യാത്ര പറഞ്ഞു. തലശ്ശേരി അതിരൂപതയിലെ വിവിധങ്ങളായ ഫൊറോനകളിലും ഇടവകകളിലും സേവനം ചെയ്തതിന് ശേഷം കരുവൻചാൽ ശാന്തിഭവനിൽ വിശ്രമജീവിതം നയിച്ചു. 2017 ഒക്ടോബർ മാസം 6-ാം തിയ്യതി നിത്യസമ്മാനത്തിനായി വിളിക്കപ്പെട്ടു. ഒക്ടോബർ 7-ാം തിയ്യതി തലശ്ശേരി സെന്റ് ജോസഫ്സ് കത്തീഡ്രൽ ദൈവാലയത്തിൽ ഭൗതീക ശരീരം അടക്കം ചെയ്തു. അച്ചനിലൂടെ നമ്മുടെ ഇടവകയ്ക്ക് ലഭിച്ച എല്ലാ അനുഗ്രഹങ്ങൾക്കും ദൈവത്തിന് നന്ദി പറയുകയും അച്ചന്റെ ആത്മശാന്തിക്കായി പ്രാർത്ഥിക്കുകയും ചെയ്യാം.




*തയ്യാറാക്കിയത് :* **ഷൈബി കുഴിവേലിപ്പുറത്ത്**
**സജീവ് ചെറുവത്തൂർ**

**അടുത്ത ലക്കം ലൂർദ്ജ്യോതിയിൽ പ്രസിദ്ധീകരിക്കേണ്ട ലേഖനം, കഥ, കവിത (ക്രിസ്തീയ മൂല്യങ്ങളിൽ അധിഷ്ഠിതമായവ) കത്തുകൾ, തുടങ്ങിയവ പേരും ഫോൺ നമ്പറും, ഫോട്ടോയും ഉൾപ്പെടെ 2024 ഫെബ്രുവരി 15ന് മുമ്പായി പള്ളിമുറിയിൽ എത്തിക്കേണ്ടതാണ്. കവറിന്റെ പുറത്ത് ഉള്ളടക്കം രേഖപ്പെടുത്തിയിരിക്കണം.**



**ചെമ്പേരിയിലെ ആദ്യകാല കുടിയേറ്റക്കാരനും ഇടകവയിലെ ദൈവാലയ ശുശ്രൂഷിയുമായിരുന്ന പാണ്ഡ്യമാക്കൽ പേപ്പ് ചേട്ടനുമായി നടത്തിയ അഭിമുഖത്തിൽ നിന്ന്...**

***മലബാറിലേക്ക് ഏത് വർഷമാണ് കുടിയേറിയത്? അതിന് മുമ്പ് നാട്ടിലെവിടെയാണ് താമസിച്ചിരുന്നത് ?***

1948- ലാണ് മലബാറിലേക്ക് കുടിയേറിയത്. വലിയപറമ്പിൽ കുരിശുപള്ളിയോട് ചേർന്ന സ്ഥലത്താണ് താമസം ആരംഭിക്കുന്നത്. അന്ന് ഈ പ്രദേശം വേങ്ങത്തോട് എന്നാണ് അറിയപ്പെട്ടിരുന്നത്. അതിനു മുമ്പ് നാട്ടിൽ കോട്ടയത്ത് കടനാട് എന്ന സ്ഥലത്താണ് താമസിച്ചിരുന്നത്. നാട്ടിൽ നിന്ന് വരുമ്പോൾ എനിക്ക് 5 വയസ്സായിരുന്നു പ്രായം. ചാച്ചനും അമ്മയും വല്യപ്പനും, വല്യമ്മയും, ചാച്ചന്റെ രണ്ട് സഹോദങ്ങളും ഞങ്ങൾ 5 മക്കളും കൂടിയാണ് ചെമ്പേരിക്ക് വരുന്നത്. കോട്ടയത്ത് പാണ്ഡ്യമാക്കൽ സ്കറിയ - ഏലി ദമ്പതികളുടെ മൂന്നാമത്തെ മകനാണ് ഞാൻ.

***കോട്ടയത്ത് നിന്ന് മലബാറിലേക്ക് വരാനുണ്ടായ സാഹചര്യം എന്താണ്?***

അന്നത്തെക്കാലത്ത് ഉപജീവനത്തിന് പ്രത്യേക വരുമാനമാർഗ്ഗങ്ങൾ ഒന്നുമില്ലാതിരുന്നതിനാൽ വളരെ ബുദ്ധിമുട്ടിയാണ് ജീവിച്ചിരുന്നത്. മലബാറിലേക്ക് വന്നാൽ കൃഷി ചെയ്ത് പട്ടിണിമാറ്റാം എന്ന വിശ്വാസത്തിലാണ് അവിടെ നിന്നും വരുന്നത്. മറ്റു പല കുടുംബാംഗങ്ങളും മലബാറിലേക്ക് വരുന്നതിനാൽ ആ ഒരു പ്രചോദനവും ഉണ്ടായിരുന്നു.

***ചെമ്പേരിയിൽ താമസം ആരംഭിച്ചതിനെത്തുടർന്ന് ഉണ്ടായ ആദ്യകാല അനുഭവങ്ങൾ പങ്കുവെക്കാമോ?***

ചെമ്പേരിയിൽ പഴയ പോസ്റ്റോഫീസ് കെട്ടിടത്തിന്റെ അടുത്ത് പുല്ല് മേഞ്ഞ ഒരു കൊച്ചു കെട്ടിടമാണ് അന്ന് പള്ളിയായി ഉപയോഗിച്ചിരുന്നത്. അന്നത്തെ ഇടവക വികാരി ഫാ. കുര്യാക്കോസ് കുടക്കച്ചിറ ആയിരുന്നു.

ചാച്ചൻ (സ്കറിയ) ദൈവാലയ ശുശ്രൂഷിയായി സേവനം ആരംഭിക്കുന്നത് 1953 ലാണ്. ആ സമയത്ത് ലത്തീൻ ക്രമപ്രകാരമുള്ള കുർബാനയായിരുന്നു. 1954 ൽ റവ. ഫാ. ജേക്കബാ വാരികാട്ട് ഇടവകയുടെ ചുമതല ഏറ്റെടുത്തപ്പോൾ മുതലാണ് സുറിയാനി കുർബാന അർപ്പിക്കാൻ തുടങ്ങിയത്. അപ്പോഴാണ് സുറിയാനി ക്രമത്തിലുള്ള മുൻപരിചയം ഉണ്ടായിരുന്ന ചാച്ചനെ ദൈവാലയ ശുശ്രൂഷിയായി നിയമിക്കുന്നതും.

1956 ൽ ചാച്ചന് മലമ്പനി ബാധിച്ചു. അതേ തുടർന്ന് ചാച്ചനെ സഹായിക്കാനായി ഞാനും പോകുമായിരുന്നു. കേരളപ്പിറവി ദിനത്തിൽ ഞാൻ ദൈവാലയ ശുശ്രൂഷിയായി സേവനം ചെയ്യുന്നുണ്ടായിരുന്നു. 1980 വരെ സേവനം തുടർന്നു. പിന്നീട് 1998 ൽ പള്ളിയുടെ സുവർണ്ണ ജൂബിലി വർഷത്തിൽ ഫാ. ജോൺ കല്ലിങ്കലിന്റെ കാലത്ത് ദൈവാലയ ശൂശ്രൂഷിയായ കുഞ്ഞേട്ടൻ സുഖമില്ലാത്തതിനാൽ മൂന്ന് മാസത്തേക്ക് ഞാൻ സേവനം ചെയ്തു. 2020 വരെ പ്രധാന തിരുനാളുകളിലും വിശുദ്ധവാരത്തിൽ മരമണി അടിക്കുവാനും ഞാൻ പോകുമായിരുന്നു.

***ചെമ്പേരിയിൽ ഏതെല്ലാം വൈദികർക്കൊപ്പം ദൈവാലയ ശുശ്രൂഷിയായി സേവനം ചെയ്തിട്ടുണ്ട്.?**

റവ.ഫാ. ജേക്കബ് വാരികാട്ട്, റവ.ഫാ. പോൾ വഴുതലകാട്ട്, റവ.ഫാ. അഗസ്റ്റിൻ തുരുത്തിമറ്റം, റവ. ഫാ. തോമസ് മൂലക്കുന്നേൽ, റവ. ഫാ. തോമസ് കരിങ്ങാട്ടിൽ, റവ.ഫാ. തോമസ് നിലക്കപ്പള്ളി, റവ.ഫാ. ഫ്രാൻസീസ് ആറുപറയിൽ എന്നിവർക്കൊപ്പം സേവനം ചെയ്തു. അവരുമൊക്കെയായി നല്ല ആത്മബന്ധം പുലർത്തിയിരുന്നു. വൈദികർ അന്ത്യകൂദാശ നൽകാൻ പോകുമ്പോൾ ഞാനും അവർക്കൊപ്പം കിലോമീറ്ററുകൾ നടന്ന് പോകുമായിരുന്നു.20 വർഷത്തോളം പള്ളിയിൽ താമസിച്ച് ശുശ്രൂഷ ചെയ്തു.

*** ചെമ്പേരിയിലേക്ക് കുടിയേറിയതിന് ശേഷം ജീവിതസാഹചര്യങ്ങൾ എങ്ങനെ ആയിരുന്നു ?**

കാട്ടുമൃഗശല്ല്യം രൂക്ഷമായിരുന്നു. റോഡ് സൗകര്യങ്ങൾ ഒന്നുമില്ലായിരുന്നു. എല്ലാം കാട്ടുപാതകളായിരുന്നു. കിടാരിപ്പുല്ല് വകഞ്ഞുമാറ്റിവേണം പള്ളിയിൽ പോകാൻ. കാട് വെട്ടിത്തെളിച്ച് നെല്ല്, ചോളം, തിന, മുത്താറി, തുവര എന്നിവ കൃഷി ചെയ്യുമായിരുന്നു. ഇപ്പോൾ മാർക്കറ്റുള്ള സ്ഥലത്ത് മരക്കഷണങ്ങൾ കൊണ്ട് ഒരു പാലം പണിതു. അത് വലിയ വെള്ളപ്പൊക്കം വന്നപ്പോൾ ഒഴുക്കിക്കൊണ്ട് പോയി. അതിനെത്തുടർന്ന് വിശ്വാസികൾ പള്ളിയിൽ വന്നുകൊണ്ടിരുന്നത് വലിയ വടം വലിച്ചുകെട്ടി അതിന്മേൽ തൂങ്ങി മറുകര എത്തിയിട്ടാണ്. അത്രയ്ക്ക് വിശ്വാസമായിരുന്നു എല്ലാവർക്കും. നൊവേന ഉള്ള ദിവസങ്ങളിൽ ദൂരെനിന്നുപോലും ആൾക്കാർ വന്ന് പള്ളിയിൽ നിറയുമായിരുന്നു.

***പേപ്പ്ച്ചേട്ടന്റെ മറ്റ് പ്രധാന പ്രവർത്തനങ്ങൾ എന്തൊക്കെയായിരുന്നു?**

***സൊഡാലിറ്റി***, മിഷൻലീഗ് എന്നിവയിലൊക്കെ ലീഡറായി പ്രവർത്തിച്ചിട്ടുണ്ട്. 1978 ൽ വലിയ പറമ്പിൽ കുരിശുപള്ളി വരുന്നതിന്റെ മുന്നോടിയായി പന്തലുണ്ടാക്കുകയും 'ഗാഗുൽത്ത' എന്ന നാടകം അവതരിപ്പിക്കാൻ വേണ്ട ക്രമീകരണങ്ങൾ നടത്തുകയും ചെയ്തു.

1983 ൽ വിൻസെന്റ് ഡി പോൾ സൊസൈറ്റിയിൽ അംഗമായി ചേർന്നു. സൊസൈറ്റിയിൽ പ്രവർത്തിക്കുന്നത് നല്ല അനുഭവമാണ്. സാധുജന സേവനത്തിന്റെ വലിയ മാതൃകയാണ് വിൻസെന്റ് ഡി പോൾ സൊസൈറ്റി. പ്രവർത്തനത്തിന്റെ നാല്പത് വർഷങ്ങൾ പൂർത്തീകരിച്ചപ്പോൾ കഴിഞ്ഞ വർഷം ചെമ്പേരി ഏരിയ കൗൺസിൽ എന്നെ ആദരിച്ചു. ഇപ്പോഴും സൊസൈറ്റിയിൽ പ്രവർത്തിക്കുന്നുണ്ട്.

***ചെമ്പേരിപള്ളിയിൽ ദൈവാലയ ശുശ്രൂഷിയായ സേവനം ചെയ്ത കാലഘട്ടത്തിൽ മറക്കാനാവാത്ത അനുഭവങ്ങൾ ഉണ്ടായിട്ടുണ്ടോ?***

തീർച്ചയായും. എനിക്ക് ഒരുപാട് നല്ല അവസരങ്ങൾ ലഭിച്ചിട്ടുണ്ട്. ഗോവയിൽ സെന്റ് ഫ്രാൻസീസ് അസിസ്സിയുടെ ഭൗതിക ശരീരം പത്ത് വർഷങ്ങൾ കൂടുമ്പോൾ താഴെയിറക്കി പൊതു ദർശനത്തിനായി വയ്ക്കും. 1974 ൽ വൈദികർക്കൊപ്പം അവിടെ സന്ദർശിക്കുവാൻ അവസരം ലഭിച്ചു.

ചെമ്പേരി ഇടവകയുടെ 25-ാം ജൂബിലിക്ക് അഭിവന്ദ്യ സെബാസ്റ്റ്യൻ വള്ളോപ്പിള്ളി പിതാവിനോടൊപ്പം പാലാ മെത്രാൻ അഭിവന്ദ്യ സെബാസ്റ്റ്യൻ വയലിൽ പിതാവ് വന്ന് കുർബ്ബാന ചൊല്ലിയപ്പോൾ ദൈവാലയ ശുശ്രൂഷിയായി നിൽക്കാൻ അവസരം ലഭിച്ചു.

ചെമ്പേരിയിൽ ആദ്യ തിരുപ്പട്ട സ്വീകരണം ഫാ. മാത്യും എം. ചാലിലിന്റെയും പുറത്തെ മുതുകാട്ടിൽ അച്ചന്റെയും സംയുക്തമായി നടന്നു. ആ പട്ടം കൊടുക്കലിന് ദൈവാലയ ശുശ്രൂഷിയായി നിൽക്കാൻ സാധിച്ചു. തുടർന്ന് ഫാ. ജോസ് കരിക്കാട്ടുകണ്ണിയേൽ, ഫാ. വർക്കി പേരക്കാട്ടുപൊതിയിൽ, എന്നിവരുടെയും ഇപ്പോൾ ചുമതലയുള്ള വികാരി ജനറാൾ മോൺ ആന്റണി മുതുകുന്നേൽ അച്ചന്റെയും തിരുപ്പട്ട സ്വീകരണത്തിനും ദൈവാലയ ശുശ്രൂഷിയാകുവാൻ അവസരം ലഭിച്ചു.

അൽഫോൻസാമ്മയെ വാഴ്ത്തപ്പെട്ടവളായി പ്രഖ്യാപിക്കുവാൻ ജോൺ പോൾ രണ്ടാമൻ മാർപാപ്പ വന്നപ്പോൾ വൈദികർക്കൊപ്പം മംഗലാപുരത്തു പോയി മാർപാപ്പയെ കാണുവാൻ എനിക്കും ഭാഗ്യമുണ്ടായി.

ഇതൊക്കെയും ജീവിതത്തിലെ മറക്കാനാവാത്ത അനുഭവങ്ങളാണ്.

**** എന്നായിരുന്നു വിവാഹം ?***

1962 ഫെബ്രുവരി 26 ന് ആയിരുന്നു വിവാഹം. മിഡിലാക്കയത്ത് വെണ്ണായിപ്പള്ളി ചാക്കോ-മറിയം ദമ്പതികളുടെ മകൾ മേരിയുമായി വിവാഹം. ഏഴ് മക്കൾ. നാല് ആണും മൂന്ന് പെണ്ണും. വഴുതലക്കാട്ട് അച്ചന്റെ നേതൃത്വത്തിൽ ആഘോഷമായ തപസ്സുകുർബാനയോട് കൂടിയായിരുന്നു വിവാഹം.

***ചെമ്പേരി ഇടവകയെപ്പറ്റിയും ചെമ്പേരി മാതാവിനെ പറ്റിയും എന്താണ് പറയാനുള്ളത്?***

ചെമ്പേരി മാതാവ് വിളിച്ചാൽ ഒരിക്കലും നമ്മെ കൈവിടില്ല. ചെമ്പേരിയുടെ പുരോഗതി ലൂർദ് മാതാവിന്റെ സംരക്ഷണത്തിലാണ്. ഉറച്ച ദൈവ വിശ്വാസവും മാതൃഭക്തിയും ചെമ്പേരി ഇടവകാ ജനത്തിന്റെ വ്യത്യസ്തയാണ്. ഞാനും എന്റെ ഭാര്യ മേരിയും എല്ലാ ദിവസവും

രാവിലെ 5 കൊന്ത വീതം ചൊല്ലാറുണ്ട്. മാതാവിന്റെ കൊന്ത ചൊല്ലി പ്രാർത്ഥിച്ചാൽ ജീവിതത്തിലെ എല്ലാ കാര്യവും അത്ഭുതകരമായി നടക്കും എന്ന് ഞങ്ങൾ വിശ്വസിക്കുന്നു.

***ചെമ്പേരി ആണോ കോട്ടയം ആണോ ഇഷ്ടപ്പെട്ട ദേശം?***

ഈ നാടിന്റെ അതിശയകരമായ പുരോഗതിയും നാടിന്റെ വികനത്തിനായുള്ള ഒത്തൊരുമയും കൂട്ടായ്മയും ഒക്കെ നല്ല അനുഭവങ്ങളാണ്. ഈ നാട് എല്ലാതരത്തിലും അനുഗ്രഹിക്കപ്പെട്ടതാണ്. അതുകൊണ്ട് തന്നെ ചെമ്പേരി നാടിനോട് കൂടുതൽ താല്പര്യം ഉണ്ട്.

**** വിശ്വാസത്തെപ്പറ്റിയും മാതൃഭക്തിയെപ്പറ്റിയും പുതുതലമുറയോട് എന്താണ് പറയാനുള്ളത്?***

ഇന്നത്തെ തലമുറയിലെ കുട്ടികളിൽ വിശ്വാസം കുറഞ്ഞ് വരുന്നതായി കാണുന്നു. നാം ദൈവത്തോട് ചേർന്ന് നിന്നാൽ ദൈവം നമ്മോട് ചേർന്ന് നിൽക്കും. ചെമ്പേരി മാതാവിന്റെ മാധ്യസ്ഥ്യം അപേക്ഷിച്ച് നമ്മുടെ പ്രാർത്ഥനകൾ വിശ്വാസത്തോടെ ദൈവസന്നിധിയിലേക്ക് ഉയർത്താം. ദൈവം നമ്മെ ഒരിക്കലും കൈവിടില്ല.




തയ്യാറാക്കിയത്

**ഷൈബി കുഴിവേലിപ്പുറത്ത്**
**ജോളി സെബാസ്റ്റ്യൻ കാരക്കുന്നേൽ**

**ബൈബിൾ ക്വിസ് ഉത്തരങ്ങൾ പേര്, വീട്ടുപേര്, ഫോൺ നമ്പർ എന്നിവ എഴുതി കവറിലിട്ട് 2024 ജനുവരി 15ന് മുമ്പായി പള്ളി മുറിയിൽ എത്തിക്കുക. കവറിന് മുകളിൽ ബൈബിൾ ക്വിസ് എന്നെഴുതണം. ഒരു കുടുംബത്തിൽ നിന്നും ഒരാൾ മാത്രമേ പങ്കെടുക്കാവൂ. ശരിയുത്തരം നല്കുന്നവരിൽ നിന്നും നറുക്കെടുത്ത് 2 വിജയികൾക്ക് സമ്മാനം നല്കുന്നതാണ്.**

## വിവാഹ ഒരുക്ക സെമിനാർ - 2023
## MPC 2024

| | | |
|---|---|---|
| January | 02-04, 23-25 | (Tuesday -Thursday) Thalassery |
| February | 15 -17 | (Thursday -Saturday) Thalassery |
| March | 14 -16 | (Thursday -Saturday) Padannakkad |

അന്വേഷണങ്ങൾക്ക് - 0490 2966974, 9400206974 website : www.familytly.com



25 വർഷത്തെ
സേവന പാരമ്പര്യം!!!
പവൻ ജ്വല്ലറി
ചെമ്പേരി
9656353051 / 9447853051




കേരള സ്കൂൾ ശാസ്ത്രോത്സവം
2023 – 24
അദ്ധ്യാപകൻ ആൽബിൻ ജോസ് കവളക്കാട്ടിന്
അഭിനന്ദനങ്ങൾ




**ഡി**സംബർ 28 കുഞ്ഞിപൈതങ്ങളുട തിരുനാളായി ആഗോള കത്തോലിക്കാ സഭ ആചരിക്കുന്നു. ഈ തിരുനാളിനെ ശിശു സഹദേൻമാരുടെ തിരുനാൾ എന്നുകൂടി വിളിക്കുന്നു. സഹദേൻ എന്ന വാക്കിനർത്ഥം വിശുദ്ധൻ എന്നാണ്. മിശിഹായ്ക്ക് വേണ്ടി ആദ്യം അർപ്പിക്കപ്പെട്ട രക്തപുഷ്പങ്ങൾ എന്ന് വാഴ്ത്തപ്പെടുന്ന കുഞ്ഞിപ്പൈതങ്ങളെയാണ് ശിശു സഹദേൻമാർ എന്നുകൊണ്ട് വിവക്ഷിക്കുന്നത്. വിശുദ്ധ മത്തായിയുടെ സുവിശേഷം രണ്ടാം അധ്യായം പതിനെട്ടാം വാക്യം വായിക്കുന്ന എല്ലാവരുടെയും കണ്ണുകളെ ഈറന ണിയിക്കുന്ന ഒന്നാണ്. റാമയിൽ ഒരു സ്വരം. വലിയ കരച്ചിലും മുറവിളിയും. റാഹേൽ സന്താനങ്ങളെ കുറിച്ച് കരയുന്നു അവളെ ആശ്വസിപ്പിക്കുക അസാധ്യം. എന്തെന്നാൽ അവൾക്ക് സന്താനങ്ങൾ നഷ്ടപ്പെട്ടിരിക്കുന്നു.

ഹേറോദേസ് രാജാവ് യേശു ജനിച്ചത് ജ്ഞാനികളിൽ നിന്ന് അറിഞ്ഞ് അവർ ഈശോയെ കണ്ടശേഷം തനിക്കും അവനെ അരാധിക്കേണ്ടതിന് നിങ്ങൾ മടങ്ങിവന്ന് എല്ലാ കാര്യങ്ങളും എന്നെ അറിയിക്കണം എന്ന് പറഞ്ഞ് അവരെ അയച്ചെങ്കിലും അവർ സ്വർഗ്ഗത്തിൽ നിന്ന് ലഭിച്ച മുന്നറിയിപ്പ് അനുസരിച്ച് മറ്റൊരു വഴിയെ സ്വദേശത്തിലേക്ക് മടങ്ങിപ്പോയപ്പോൾ താൻ കബളിപ്പിക്കപ്പെട്ടു എന്നറിഞ്ഞ്

ഹേറോദോസ് രോഷാകുലനായി. രക്ഷകനെ കിട്ടിയില്ലെങ്കിൽ അവനെ പോലെയുള്ള സകലതി നെയും നശിപ്പിക്കുക എന്ന ക്രൂരമായ തീരുമാനത്തിലേക്ക് ഹേറോദോസ് രാജാവെത്തി. കുഞ്ഞിപ്പൈതങ്ങൾ അവരുടെ രൂപത്തിലും ഭാവത്തിലും മാത്രമല്ല അവരുടെ നിഷ്കളങ്കതയിലും ദൈവപുത്രന് തുല്യരായിരുന്നു. അതിനാൽ ഹേറോദോസിന്റെ പക ദൈവപുത്രനിൽ നിന്നും ഈ കുഞ്ഞുങ്ങളിലേക്ക് വഴിമാറി എന്ന് മനസ്സിലാക്കാൻ കഴിയും. ഓരോ കുഞ്ഞിലും ഒരു രക്ഷകൻ ഒളിഞ്ഞിരിപ്പുണ്ട്. അല്ലെങ്കിൽ ഒരു രക്ഷകന്റെ സാധ്യത ഓരോ കുഞ്ഞിലും ഉണ്ട് എന്ന മഹാസത്യം രാജാവ് മനസ്സിലാക്കി. ആകാശത്തിലെ ദിവ്യ താരകത്തിന്റെ വെളിച്ചത്തിൽ ഇതു വായിച്ചെടുക്കുന്നതിന് പകരം വാൾമുനയാൽ ആ സത്യത്തെ ഇല്ലാതാക്കുകയാണ് ഹേറോദേസ് ചെയ്തത്. വിശുദ്ധ അഗസ്റ്റിൻ കുഞ്ഞിപ്പൈതങ്ങളെക്കുറിച്ച് പറയുന്നത് ഇങ്ങനെയാണ്. "യൂദയായിലെ ബേത്‌ലഹേമേ, നീ അനുഗ്രഹിക്കപ്പെട്ടവളാകുന്നു. നിന്റെ സ്വന്തം പൈതങ്ങൾ ക്രൂരമായി വധിക്കപ്പെട്ടത് മൂലം ക്രൂരനായ ഹേറോദോസിന്റെ മനുഷ്യത്വരഹിതമായ പ്രവൃത്തിയാൽ നീ ഒരുപാട് സഹിച്ചവളെങ്കിലും ഇതിലൂടെ നിന്റെ വിശുദ്ധ പൈതങ്ങളെ അതിഥികളായി ദൈവത്തിനും സ്വർഗ്ഗത്തിനും നൽകിയതിനാൽ നീ മഹത്വമേറിയവളാണ്."

മിശിഹായ്ക്ക് വേണ്ടി ആദ്യമായി ഭൂമിയിൽ ജീവത്യാഗം ചെയ്യേണ്ടിവന്ന ഈ കുഞ്ഞുങ്ങളുടെ മാധ്യസ്ഥ്യം നമുക്ക് ഫലപ്രദമാണെന്ന് തീർച്ചയായും വിശ്വസിക്കാം. സ്വർഗ്ഗത്തിൽ ശലഭങ്ങളെപ്പോലെ പറന്നു നടക്കുന്നു എന്ന് കരുതിയാലും തെറ്റില്ല. ഈ കുഞ്ഞു വിശുദ്ധരുടെ വലിയ പ്രാർത്ഥനയും മാധ്യസ്ഥ്യവും നമ്മെ ശക്തമായി സഹായിക്കുമെന്ന് നമുക്ക് വിശ്വസിക്കാം. ചുരുക്കത്തിൽ സ്വർഗ്ഗത്തിൽ ആവണമെന്നില്ല ഭൂമിയിലും കുഞ്ഞുങ്ങൾ മനസ്സുനിറഞ്ഞ് പ്രാർത്ഥിച്ചാൽ അനുഗ്രഹമായി ഭൂമിയിൽ തന്നെ ലഭിക്കും.

എന്നാൽ ആധുനികകാലഘട്ടത്തിൽ പോലും കുഞ്ഞു ങ്ങൾക്കെതിരെ അതിക്രമങ്ങൾ വർധിച്ചുവരുന്ന അതി ഭയാന കമായ വാർത്തകൾ മാധ്യമങ്ങളിലൂടെ നമ്മളൊക്കെ വായിച്ചറിയുന്നവരാണ്. ഇത് മനസ്സാക്ഷിയുള്ള ഏതൊരുവന്റെയും മനസ്സ് വേദനിപ്പിക്കും. ഭൂമിയിൽ മാലാഖമാരായി പിറന്നുവീഴുന്ന ഓരോ കുഞ്ഞുങ്ങളുടെയും നൈർമല്യം നഷ്ടപ്പെടാൻ ഒരു തരത്തിൽ അല്ലെങ്കിൽ മറ്റൊരു തരത്തിൽ എല്ലാവരും കാരണക്കാരാകുന്നുണ്ട്. മധുസൂദനൻ നായർ തന്റെ കവിതയിൽ

കുഞ്ഞുങ്ങളുടെ നന്മയെക്കുറിച്ച് ഇങ്ങനെ പറഞ്ഞുവെക്കുന്നു. ''ഓരോ ശിശുരോദനത്തിലും കേൾപ്പൂ ഞാൻ ഒരുകോടി ഈശ്വരവിലാപം. ഓരോ കരിന്തിരിക്കണ്ണിലും കാൺമൂ ഞാൻ ഒരു കോടി ദേവ നൈരാശ്യം.'' ജെറമിയ 47:3 കണ്ടില്ലെന്ന് നടിക്കാൻ നമുക്കാവില്ല. അവന്റെ കുതിരകളുടെ കുളമ്പടിയും രഥചക്രങ്ങളുടെ ആരവവും കേട്ട് കുഞ്ഞുങ്ങളെ ഒന്ന് തിരിഞ്ഞുനോക്കുക പോലും ചെയ്യാതെ പിതാക്കൻമാർ ഓടുന്നു. അവരുടെ കരങ്ങൾ അത്രയ്ക്ക് ദുർബലമാണ്. പിടയുന്ന ശതകോടി കുഞ്ഞുങ്ങളെ കരുണയോടെ ഒന്ന് നോക്കിനിൽക്കുവാൻപോലും നേരമില്ലാതായി നമുക്ക്. ഈ ദുരവസ്ഥയിൽ ഇതാ കുഞ്ഞിപ്പൈതങ്ങളുടെ തിരുനാൾ, കുഞ്ഞുങ്ങളെ, കുഞ്ഞുവിശുദ്ധരെ ശിശു സഹദേന്മാരെ ഞങ്ങൾക്ക് വേണ്ടി പ്രത്യേകിച്ച് എല്ലാ കുഞ്ഞുമക്കൾക്കും വേണ്ടി പ്രാർത്ഥിക്കണമേ.




**സി.തേജസ് ഡി.എസ്.ടി**



കുട്ടിക്കവിത

# അപേക്ഷ



ഉണ്ണീയീശോയെ പുൽകി പുണർന്നപോൽ
ഊഷ്മളമായെന്നെയും പുൽകണം അമ്മേ.
ഉൾക്കരുത്തേകിടും ദിവ്യ വചസ്സാലെ
ഉള്ളുനിറച്ചുണർവേകിടണം
പ്രത്യാശയോടെ അണയുന്നീബാലകർ
പൈദാഹമെല്ലാം അകറ്റീടേണം
പാവന സ്നേഹപ്രവാഹമായി വാഴും
പരിശുദ്ധകന്യാമറിയമേ സ്വസ്തി.
എന്നുമുണരുമ്പോൾ പുഞ്ചിരി തൂകി നീ
എത്തണം ഞങ്ങളോടൊപ്പമമ്മേ
പാപക്കെണികളിൽ വീണിടാതെന്നും
പാലിച്ചുകനിവോടെ കാത്തിടണം
ജ്ഞാനവചനങ്ങൾ എന്നുമേകി നിത്യ
ജീവനിലേക്ക് നയിച്ചിടേണം
ജീവിതം കൃപയാൽ ജ്വലിക്കുമാറാകുവാൻ
ജപമാലറാണി പ്രാർത്ഥിച്ചിടേണം
എന്നും ഉറക്കത്തിൽ സ്വപ്നത്തിലെങ്കിലും
എന്നെ തഴുകിത്തലോടണമമ്മേ
നിൻ നീലമേലങ്കി തന്നിൽ പൊതിഞ്ഞങ്ങ്
നിത്യവും കാത്തുസൂക്ഷിക്കവേണം.
വിശുദ്ധി വിജ്ഞാന വിവേകത്തിലും നിത്യം
വളരുവാൻ ഞങ്ങൾക്കായി പ്രാർത്ഥിക്ക!
വിശ്വാസദീപമേ സ്വർഗ്ഗത്തിൻ വാതിലേ
വാഗ്ദാനപേടകമേ സ്വസ്ഥി നാഥേ
സോദര സ്നേഹത്തിൽ നിയതം വളരുവാൻ
സത്യമാർഗം പഠിപ്പിക്കണമമ്മേ
സ്വാർത്ഥം വെടിഞ്ഞു വെളിച്ചം പകർന്നിടാൻ
സദ്ബുദ്ധിയേകി അനുഗ്രഹിക്കേണം
ഈ ലോക സമ്പത്തിൽ ഞങ്ങൾ ഭ്രമിക്കാതെ
ഈശോതൻ പാതയിൽ നടത്തണമമ്മേ
ഇഹപരനായികേ കന്യകാമാതാവേ
ഇന്നും എന്നേക്കും സ്വസ്തി അമ്മേ.



**സാലി ജോസ്**
**വെള്ളിയാംകണ്ടത്തിൽ**

# ദനഹ തിരുനാൾ



**ക്രി**സ്തു സ്നാപകയോഹന്നാനിൽ നിന്ന് ജ്ഞാനസ്നാനം സ്വീകരിച്ചതിന്റെയും പിതാവായ ദൈവം ക്രിസ്തുവിനെ സ്വപുത്രനായി ലോകത്തിന് വെളിപ്പെടുത്തിയതിന്റെയും ത്രീത്വൈക ദൈവം തങ്ങളുടെ കൂട്ടായ്മയുടെ ദൈവീകസാന്നിധ്യം അനാവരണം ചെയ്തതിന്റെയും ഓർമ്മകൾ പേറുന്ന ദിനമാണ് ദനഹാത്തിരുനാൾ. ദനഹാ എന്നത് സുറിയാനി പദമാണ്. ഇതിന്റെ അർത്ഥം ഉദയം, പ്രത്യക്ഷീകരണം എന്നൊക്കെയാണ്. കേരളത്തിൽ ഈ തിരുനാളിനെ പിണ്ടിത്തിരുനാൾ എന്നും രാക്കുളിത്തിരുനാൾ എന്നും വിളിക്കാറുണ്ട്. ജനുവരി 6 ന് തലേരാത്രി ചിലയിടങ്ങളിൽ വീട്ടുമുറ്റത്ത് വാഴപ്പിണ്ടികൾ കുഴിച്ചുവെച്ച് അവയിൽ ഈർക്കിലികൾ കുത്തിവെച്ച് ദീപങ്ങൾ തെളിയിക്കുകയും അതിന് ചുറ്റും ദൈവം പ്രകാശമാകുന്നുവെന്ന് ഏറ്റുചൊല്ലിക്കൊണ്ട് പ്രദക്ഷിണം വയ്ക്കുകയും ചെയ്യുന്നു. ഇതാണ് പിണ്ടിത്തിരുനാൾ അഥവാ പിണ്ടികുത്തി തിരുനാൾ. യേശുവിന്റെ ജ്ഞാനസ്നാനം അനുസ്മരിച്ച് അന്നേ ദിവസം പുലർച്ചെ എഴുന്നേറ്റ് തൊട്ടടുത്ത നദിയിലോ കുളത്തിലോ പോയി ആചാരക്കുളി നടത്തുന്ന പ്രാദേശിക രീതിയിൽ നിന്നാണ് രാക്കുളി പെരുന്നാൾ എന്ന പേരുണ്ടായത്.

പാപം ചെയ്യാത്ത ക്രിസ്തു എന്തിന് പാപമോചനത്തിന്റെ ജ്ഞാനസ്നാനം സ്വീകരിച്ചു എന്നത് ഒരു ചോദ്യമാണ്. അതിനുള്ള ഉത്തരം ക്രിസ്തു തന്നെ നൽകുന്നുണ്ട്. 'സർവ്വനീതിയും പൂർത്തിയാക്കുക' എന്നതുകൊണ്ട് മനുഷ്യവർഗ്ഗത്തിന്റെ രക്ഷയ്ക്കായുള്ള ദൈവത്തിന്റെ പദ്ധതിക്ക് വിധേയരാകുക എന്നതാണ് അർത്ഥമാക്കുന്നത്. പാപികളായ



国際浅井流松涛館空手協会
Asai Shotokan Association
International - Japan
ലോക പ്രശസ്ത
ഷോട്ടോക്കാൻ കരാട്ടെ മാസ്റ്റർ
ഷിഹാൻ കൊസാക്കു
യൊക്കോട്ട (ജപ്പാൻ)
നടത്തുന്ന സ്പെഷ്യൽ
കരാട്ടെ ട്രെയിനിംഗ് പ്രോഗ്രാം
2024 ജനുവരി
12
15
തിയതികളിൽ
MARYGIRI
ENGLISH MEDIUM SCHOOL
SREEKANDAPURAM
&
ASAI RYU SHOTOKAN KARATE
SOUTH INDIA
Jointly Organize
ADVANCED
KARATE SEMINAR
by SHIHAN KOUSAKU
YOKOTA (JAPAN)
(9Th dan Black Belt)
(Founder & World Chief Instructor of
Asai Shotokan Association International)
空手道
浅井流
ASAI
浅井流空手道
For Registration, contact
Sensei Santhosh Mathew Kidarathil
Regional Director of Asai Shotokan
Association International-South India
8589 043 114



Merry Christmas

ചെറുപുഷ്പ
മിഷൻലീഗ്
സംസ്ഥാന വാർഷിക
പ്രേഷിത റാലി
വിവിധ ദൃശ്യങ്ങൾ



കേരള കത്തോലിക്കാ കരിസ്മാറ്റിക് നവീകരണ മുന്നേറ്റം കൂട്ടായ്മ ലൂർദ്മാതാ ഫൊറോന വികാരി റവ. ഫാ. ജോർജ് കാഞ്ഞിരക്കാട്ട് ഉദ്ഘാടനം ചെയ്യുന്നു



കരിസ്മാറ്റിക് നവീകരണ മുന്നേറ്റം സഹസ്രദിന പ്രാർത്ഥന ശുശ്രൂഷ

സകല മനുഷ്യരോടും താദാത്മ്യം പ്രാപിക്കുന്നതിനായി അവിടുന്ന് സ്വയം സ്നാനത്തിന് വിധേയപ്പെടുകയും അങ്ങനെ ദൈവിക പദ്ധതിയോട് ചേർന്ന് നിൽക്കുകയും ചെയ്യുന്നു. അതിനാൽ തന്നെ ദൈവിക പദ്ധതിയായ രക്ഷയിൽ പങ്കുകാരാകുവാൻ ആഗ്രഹിക്കുന്നവർ ഏവരും സ്നാനം സ്വീകരിച്ച് ക്രിസ്തുവിനോടൊപ്പം അനുരൂപരാക്കപ്പെടേണ്ടിയിരുന്നു. ക്രിസ്തുവിന്റെ സ്നാനം ത്രീത്വൈക ദൈവത്തിന്റെ കൂട്ടായ്മയുടെ പ്രവൃത്തിയാണ്. അതിനാൽത്തന്നെയാണ് ത്രീത്വൈക ദൈവത്തിന്റെ നാമത്തിൽ സ്നാനം ഏൽക്കണമെന്ന് ക്രിസ്തുവും സഭയും നമ്മോട് ആവശ്യപ്പെടുന്നത്. ശിഷ്യൻമാരെ പ്രേക്ഷിതദൗത്യം ഏല്പിക്കുമ്പോൾ "പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ അവർക്ക് ജ്ഞാനസ്നാനം നൽകുവിൻ'' (മത്തായി 28:20) എന്ന ക്രിസ്തുവിന്റെ ആഹ്വാനം ഇത് വ്യക്തമാക്കുന്നു.

ദൈവാത്മാവ് ക്രിസ്തുവിന്റെ ജ്ഞാനസ്നാന വേളയിൽ പ്രാവിന്റെ രൂപത്തിലാണ് പ്രത്യക്ഷപ്പെടുന്നത്. (മത്തായി: 3:16) ജലപ്രളയത്തിന് ശേഷം പുനസൃഷ്ടിക്കപ്പെട്ട ഭൂമിക്ക് പ്രാവ് അടയാളമായ തുപോലെ (ഉല്പ:8:8-13) ക്രിസ്തുവിലൂടെ രക്ഷിക്കപ്പെട്ട പുതിയ ലോകത്തിന് പരിശുദ്ധാത്മാവിന്റെ പ്രാവിന്റെ രൂപത്തിലുള്ള സാന്നിധ്യം അടയാളമാകുന്നു. ജ്ഞാനസ്നാന വേളയിൽ സ്വർഗം തുറന്ന് പിതാവായ ദൈവം യേശുവിനോട് പറഞ്ഞ വാക്കുകൾ "നീ എന്റെ പ്രിയ പുത്രൻ നിന്നിൽ ഞാൻ പ്രസാദിച്ചിരിക്കുന്നു" എന്നാണ്. മാമ്മോദീസ വഴി ക്രിസ്തുവിനോട് ഒന്നുചേരുന്ന നാം ആത്മീയ അടിമകളായിട്ടല്ല ദൈവമക്കളാകാനാണ് വിളിക്കപ്പെട്ടിരിക്കുന്നത്. യോഹന്നാന്റെ സുവിശേഷം 1:12 ഇതിന് സാക്ഷ്യം നൽകുന്നു. "തന്നെ സ്വീകരിച്ച വർക്കെല്ലാം തന്റെ നാമത്തിൽ വിശ്വസിക്കുന്നവർക്കെല്ലാം ദൈവമക്കളാകുവാൻ അവൻ കഴിവ് നൽകി.'' ദൈവമക്കളുടെ സ്വാതന്ത്ര്യത്തോടെ അവിടുത്തെ പിഞ്ചെല്ലുവാൻ ഈ തിരുനാൾ നമുക്ക് പ്രചോദനമാകട്ടെ എന്ന് പ്രാർത്ഥിക്കുന്നു. ആശംസിക്കുന്നു.



**സ്നേഹത്തോടെ,**
**നിങ്ങളുടെ കൊച്ചച്ചൻ.**




**റവ.ഫാ.തോമസ് കുമ്പളന്താനത്ത്**

- ഓഫ്സെറ്റ് പ്രിന്റിംഗ് രംഗത്ത് ചെമ്പേരിയുടെ ഹൃദയതാളത്തിനൊപ്പം രണ്ട് പതിറ്റാണ്ടിലേറെ പ്രവർത്തന പാരമ്പര്യം..
- ഡിജിറ്റൽ പ്രിന്റിംഗ് ചെമ്പേരിക്ക് പരിചയപ്പെടുത്തിയതിന്റെ വിജയകരമായ 7ാം വർഷം

# അൽഫോൻസ പ്രിന്റേഴ്സ്

ചെമ്പേരി

8304978203
7510914620

- സൈൻ ബോർഡുകൾ
- ബാനറുകൾ
- ഡിജിറ്റൽ ഡിസ്പ്ലെ ബോർഡുകൾ
- മൾട്ടികളർ ഫ്ളയറുകൾ
- നോട്ടീസുകൾ, ബിൽ ബുക്കുകൾ
- വിവാഹ ക്ഷണകത്തുകൾ
- ബിസ്നസ് കാർഡുകൾ
- ഐഡി കാർഡുകൾ
- മെമന്റോകൾ

# പരിശുദ്ധ ലൂർദ്മാതാവ് എന്റെ അമ്മ



'പ്രത്യാശയിൽ രക്ഷ' എന്ന ചാക്രിക ലേഖനത്തിൽ പരിശുദ്ധ പിതാവ് ബനഡിക്ട് പതിനാറാമൻ പാപ്പ പറയുന്നു.'ചരിത്രമാകുന്ന സമുദ്രത്തിലൂടെയുള്ള ഒരു യാത്രപോലെയാണ് ജീവിതം. അത് മിക്കപ്പോഴും ഇരുണ്ടതും കൊടുങ്കാറ്റുള്ളതുമാണ്. വഴി സൂചിപ്പിക്കുന്ന നക്ഷത്രങ്ങളെ ഉറ്റുനോക്കുന്ന ഒരു സഞ്ചാരമാണത്. നമ്മുടെ ജീവിതത്തിന്റെ യഥാർത്ഥ നക്ഷത്രങ്ങൾ നല്ല ജീവിതം നയിച്ച വ്യക്തികളാണ്. അവർ പ്രത്യാശയുടെ പ്രകാശങ്ങളാണ്. യേശു ക്രിസ്തുവാണ് യഥാർത്ഥ പ്രകാശം. ചരിത്രത്തിന്റെ എല്ലാ നിഴലുകൾക്കും മുകളിൽ ഉയർന്ന് നിൽക്കുന്ന സൂര്യനാണ് അവിടുന്ന്. എന്നാലും അവിടുത്തെപ്പക്കൽ എത്തിച്ചേരുവാൻ നമുക്ക് അടുത്തുള്ള വിളക്കുകൾ വേണം. അവിടുത്തെ പ്രകാശത്താൽ ശോഭിക്കുന്നവരും അങ്ങനെ നമ്മുടെ വഴി നയിക്കുന്നവരുമാണവർ. നമുക്ക് മറിയത്തേക്കാൾ വലിയ പ്രത്യാശയുടെ നക്ഷത്രം ഏതാണുള്ളത്? ' അതെ, ചെമ്പേരി മാതാവേ, ലൂർദ്നാഥേ എന്ന് അനുദിനവും പാടി സ്തുതിക്കുന്ന നമ്മെ യേശുക്രിസ്തുവിലേക്ക് കൈ പിടിച്ചു നടത്തുന്ന അമ്മയാണ് പരിശുദ്ധ ലൂർദ്മാതാവ്.

തിരുസഭ എറെ പ്രാധാന്യം നൽകുന്ന മഹത്വമേറിയ സ്ഥലമാണ് ലൂർദ്. വിശുദ്ധിയുടെ വിശാലമായ സമതലമാണവിടം.

1858 ൽ ബർണാദീത്ത എന്ന പെൺകുട്ടിക്ക് ലൂർദിലെ ഒരു കൊച്ചുഗുഹയിൽ പരിശുദ്ധ ദൈവമാതാവ് പ്രത്യക്ഷപ്പെട്ടു. തൂവെള്ള മേലങ്കിയും ആകാശ നീലനിറത്തിലുള്ള കച്ചയും ധരിച്ച് കരങ്ങളിൽ ജപമാലയും പാദങ്ങളിൽ മഞ്ഞ പനിനീർപുഷ്പങ്ങളും. മാതാവ് തന്റെ കരങ്ങളിൽ തൂങ്ങിക്കിടന്ന ജപമാല അവളുടെ കരങ്ങളിലേക്ക് കൊടുത്തു. അവളോട് ജപമാല ചൊല്ലുവാൻ ആവശ്യപ്പെട്ടു. ജപമാല ചൊല്ലിത്തീരുന്നതിന് മുമ്പേ സ്ത്രീരൂപം മറഞ്ഞിരുന്നു. ഓരോ 15 ദിവസം കൂടുമ്പോഴും ഈ ദർശനം തുടർന്നു. മാർച്ച് 25 മംഗളവാർത്ത തിരുനാൾദിനത്തിൽ അവൾ തന്റെ നാമം വെളിപ്പെടുത്തിക്കൊണ്ട് ഇപ്രകാരം പറഞ്ഞു: ഞാൻ അമലോത്ഭവയാണ്. ആ സ്ഥലത്ത് ദൈവാലയം പണിയുവാനും പ്രദക്ഷിണം സംഘടിപ്പിക്കാനും ആവശ്യപ്പെട്ടു. അവിടെ മണ്ണിനടിയിൽ മറഞ്ഞ് കിടന്നിരുന്ന ഉറവയിലെ ജലം കുടിക്കുവാനും ആ ജലത്തിൽ സ്വയം കഴുകി ശുദ്ധി വരുത്തുവാനും ആവശ്യപ്പെട്ടു. പരിശുദ്ധ അമ്മയോട് അവൾ നിരന്തരം സംഭാഷണത്തിൽ ഏർപ്പെട്ടിരുന്നു. തുടർന്ന് അനേകം രോഗശാന്തികളുടെ വാർത്തകൾ പ്രചരിച്ചുതുടങ്ങി. ലൂർദിലെ മാതാവിന്റെ മധ്യസ്ഥതയിൽ നടന്നിട്ടുള്ള നിരവധി അത്ഭുതങ്ങൾ മൂലം കന്യകാമാതാവിന്റെ പ്രത്യക്ഷീകരണത്തിന് ഓർമ്മത്തിരുനാൾ പ്രഖ്യാപിച്ചു. അവിടെ ദൈവാലയം ഉയർന്നു. നേർച്ചകൾ നിറവേറ്റുവാനും പല നിയോഗങ്ങൾക്കായി പ്രാർത്ഥിക്കുവാനും അനേകായിരങ്ങൾ ലൂർദ് സന്ദർശിച്ചുവരുന്നു. അവിടെ നമ്മുടെ പാപമാകുന്ന വസ്ത്രങ്ങൾ ഉരിഞ്ഞുമാറ്റി വിശുദ്ധിയുടെ തൂവെള്ള വസ്ത്രങ്ങൾ ധരിച്ച് വീണ്ടും ആത്മാവിൽ ജനിക്കുവാൻ സാധിക്കും.

